പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4567** 22.07.2015-ൽ മറുപടിക്ക്

## ജൻറം ബസ്സുകൾക്കായി കമ്പനി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.പി. മുഹമ്മദ് :<br>" വി.ഡി. സതീശൻ :<br>" അൻവർ സാദത്ത് :<br>" എം.എ. വാഹീദ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | ജൻറം ബസ്സുകൾക്കായി കെ. എസ്.ആർ.ടി.സി.യുടെ കീഴിൽ കമ്പനി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ജൻറം ബസ്സുകളുടെ നടത്തിപ്പിനായി കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.യു.ആർ.ടി.സി) എന്ന പേരിൽ കെ.എസ്.ആർ.ടി.സി.യുടെ സബ്സിഡിയറി കോർപ്പറേഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കമ്പനിയുടെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ; | (ബി) | കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ ജൻറം പദ്ധതി പ്രകാരം അനുവദിച്ച ബസ്സുകളുടെ സർവ്വീസ് നടത്തിപ്പ് ബസ്സുകളുടെ പരിചരണം, ഇവയുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയാണ് കെ.യു.ആർ.ടി.സി.യുടെ ലക്ഷ്യങ്ങൾ. |
| (സി) | കമ്പനികളുടെ ഘടനയും പ്രവർത്തനരീതിയും എങ്ങനെയായിരിക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ ; | (സി) | കെ.എസ്.ആർ.ടി.സി.യുടേതു പോലെ ഒരു ഭരണ സമിതിയും ഭരണ സംവിധാനവുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ തന്നെയാണ് കെ.യു.ആർ.ടി.സി.യുടെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ആയി പ്രവർത്തിക്കുന്നത്. കെ.യു.ആർ.ടി.സി.യുടെ ഭരണസമിതിയിൽ കെ.എസ്.ആർ.ടി.സി ഭരണസമിതി അംഗങ്ങളെ കൂടാതെ നഗര വികസനകാര്യ വകുപ്പ് പ്രതിനിധിയെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. 1950-ലെ Road Transport Corporation Act പ്രകാരമാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. |

| | |
|---|---|
| (ഡി) കമ്പനിയുടെ പ്രവർത്തനത്തിനായി കേന്ദ്ര നഗരവികസന വകുപ്പ് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) പദ്ധതി ചെലവിന്റെ 80 ശതമാനം കേന്ദ്രനഗരവികസന വകുപ്പാണ് വഹിക്കുന്നത്. ആദ്യ ഘട്ടമായി 320 ബസ്സുകൾ (80 എ.സി ബസ്സുകളും 240 നോൺ എ.സി ബസ്സുകളും) രണ്ടാം ഘട്ടത്തിൽ 400 ബസ്സുകളും (110 എ.സി ബസ്സുകളും 290 നോൺ എ.സി ബസ്സുകളും) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജൻറം ഒന്നാം ഘട്ടത്തിൽ 78.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ബസ്സുകൾ വാങ്ങുന്നതിന് 154.4 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിന് 16.31 കോടി രൂപയും കേന്ദ്ര നഗരവികസന വകുപ്പാണ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ